**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3868** **06-08-2021 - ൽ മറുപടിയ്ക്ക്**

**പഴശ്ശി കനാൽ ഉപയോഗപ്പെടുത്താനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി മറ്റ് പൊതു ആവശ്യങ്ങൾക്കായി വിട്ടുനൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ; | (എ) | ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി മറ്റ് പൊതു ആവശ്യങ്ങൾക്കായി വിട്ടുനൽകുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിക്കുന്നമുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും ഭൂമിയുടെ ലഭ്യതയനുസരിച്ച് ഓരോ കേസും പ്രത്യേകമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതുമാണ്. |
| (ബി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന പഴശ്ശി കനാൽ, ജലസേചന സൗകര്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ എന്തെങ്കിലും സാധ്യതകളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | ഉണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട നവീകരണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കൂടി കടന്നുപോകുന്ന മാഹി ബ്രാഞ്ച് കനാലിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തിയാവുന്ന മുറയ്ക്ക് ജലവിതരണം പുനരാരംഭിക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട ഡിസ്ട്രിബ്യൂട്ടറികളുടെയും ഫീൽഡ് ബോത്തികളുടെയും നവീകരണം നടത്തേണ്ടതുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത കനാൽ വിവിധ സ്ഥലങ്ങളിൽ പൊതു ആവശ്യങ്ങൾക്കായി (അംഗൻവാടി, റോഡുകൾ തുടങ്ങിയവ) ഉപയോഗപ്പെടുത്തുവാൻ സാധ്യതകളുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ സാധ്യതകളും നടപടിക്രമങ്ങളും വിശദമാക്കാമോ? | (സി) | ജലസേചനത്തിന് ആവശ്യമുള്ള കനാൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിപ്പെടുത്താൻ സാധ്യതയില്ല. പഴശ്ശിപദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നു വരുന്ന ഈ സന്ദർഭത്തിൽ കനാലുകൾ നവീകരിച്ച് ഉപയോഗപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. |

സെക്ഷൻ ഓഫീസർ